ന്നുണ്ട്. എന്നാൽപോലും അത് പാലിക്കുന്നില്ല. പ്രാവർത്തികമാക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗത്തോടുള്ള സമൂഹത്തിന്റെ ബാദ്ധ്യത നിറവേറ്റാൻ വൈമുഖ്യം കാണിക്കുന്നത് അവരോടുള്ള ആത്മാർത്ഥതക്കുറവും നീതിപൂർവ്വമല്ലാത്ത സമീപനവും കൊണ്ടാണ്, സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ഉള്ള കമ്മീഷൻ നിലവിൽ വന്നാൽ ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളിൽ പങ്കാളിയാകാനും പരിഹരിക്കാനും ഗവൺമെന്റിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശവും നൽകാനും കഴിയുന്നതാണ്. എസ്.സി./എസ്.ടി.ക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമത്തിൽ പഴുതുകളോ വീഴ്ചകളോ ഉള്ളതു തിരുത്താനും ഗവൺമെന്റിന് നിർദ്ദേശം സമർപ്പിക്കാനും സാധിക്കും. ഗവൺമെന്റിനെ ആ വഴിക്ക് പ്രേരിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ എസ്.സി/എസ്.ടിക്കുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ഇതുവരെയുള്ളത് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കാനും എസ്.സി/എസ്.ടി പീഡനകേസ്സുകൾ ഗൗരവമായി കാണാനും കേന്ദ്ര പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ചുള്ള കേസ്സുകൾ കൈകാര്യം ചെയ്യാനും സാധിക്കും. അങ്ങനെയുള്ള വിപുലമായ അധികാരത്തോടുകൂടി, സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ഉള്ള പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷന് രൂപം നൽകാൻ 21-ാം നൂറ്റാണ്ടിലേയ്ക്ക് സമൂഹം പ്രവേശിക്കാൻ വെമ്പൽ കൊള്ളുമ്പോൾ ഈ ഗവൺമെന്റിന് കഴിയണം അതിനുള്ള, നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിക്കുന്നതാണ്.

(4) കേരള വനിതാകോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള നിയമസഭാ മാർച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞങ്ങളുടെ പാർട്ടിയുടെ വനിതാവിഭാഗമായ കേരളാ വനിതാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഇന്നൊരു നിയമസഭാ മാർച്ച് നടത്തുകയാണ്. അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം നിയമസഭകളിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്ക് സംവരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നതും കേരളത്തിൽ സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ അവസാനിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്നതുമാണ്. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അര നൂറ്റാണ്ടു പിന്നിട്ടെങ്കിലും മതിയായ പ്രാതിനിധ്യം വനിതകൾക്ക് ഇതുപോലുള്ള ഭരണ സംവിധാനത്തിലുണ്ടായിട്ടില്ല. എക്സിക്യൂട്ടീവിന്റെ കാര്യത്തിലാണെങ്കിലും നിയമനിർമ്മാണസഭകളിലാണെങ്കിലും മതിയായ പ്രാതിനിധ്യം കിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ.....

മി. സ്പീക്കർ : പാർലമെന്റിൽ ബിൽ അവതരിപ്പിക്കാൻ സമ്മതിക്കുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് : അതുകൊണ്ട് മുഖ്യമന്ത്രി ഒന്ന് ഇടപെട്ട്.....

മി. സ്പീക്കർ : ഓർമ്മയിൽ നിന്ന് അവതരിപ്പിച്ചു.

ശ്രീ. ടി.എം. ജേക്കബ് : അതിന് സമ്മതിക്കാത്ത രാഷ്ട്രീയപാർട്ടികളെ വനിതകൾതന്നെ ബഹിഷ്ക്കരിക്കണം. കാരണം നമ്മുടെ രാജ്യത്ത് ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

അർഹതപ്പെട്ടത് കിട്ടാത്ത ഒരു വിഭാഗമെന്നുള്ള നിലയിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പ് നമ്മൾ നടത്തേണ്ടതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലുള്ള ആളുകൾ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സ്ത്രീപീഡനങ്ങളെ സംബന്ധിച്ചും ബലാൽസംഗങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നൽകിയിരിക്കുന്ന കണക്കനുസരിച്ച് മൂന്നുവർഷംകൊണ്ട് 4415 സ്ത്രീപീഡനങ്ങളും 1530 ബലാൽസംഗങ്ങളുമുണ്ടായിട്ടുണ്ടെന്നാണ്. അദ്ദേഹം തന്നിരിക്കുന്ന മറുപടിയാണ്. ഇത് വർദ്ധിച്ചുവരുകയാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെയേറെ ഉത്കണ്ഠയോടുകൂടി മാത്രമേ ഇതിനെ വീക്ഷിക്കാൻ കഴിയൂ. ഈ കാര്യത്തിലും ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് ഞാനാവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : നിയമസഭകളിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്ക് സംവരണം ചെയ്യണമെന്നത് കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമാണ്. അത്തരത്തിൽ സംവരണമേർപ്പെടുത്തുന്നതിനോട് യാതൊരു വിയോജിപ്പുമില്ല. രണ്ടാമതും പറഞ്ഞ കാര്യത്തെക്കുറിച്ച് അന്വേഷിക്കാം.

(5) നിയമനനിരോധന ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. ജോസ് ബേബി : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തൊഴിൽരഹിതരുള്ള ഒരു സംസ്ഥാനമാണ് കേരളം. ഏകദേശം 38 ലക്ഷത്തോളം ആളുകൾ. ഇന്ന് കേരളത്തിൽ തൊഴിൽരഹിതരായിട്ടുണ്ടെന്നാണ് കണക്ക്. ഈ 38 ലക്ഷം ആളുകൾക്ക് ഒന്നിച്ച് തൊഴിൽ കൊടുക്കാൻ നമ്മുടെ സംസ്ഥാനത്താർക്കും നിർവ്വാഹമില്ല. എന്നാൽ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ നിയമന നിരോധന ഉത്തരവ് നിലനിൽക്കുകയാണ്. ആ നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാണ് കേരളത്തിലെ യുവജനങ്ങളുടേയും കേരളത്തിലെ മുഴുവൻ ആളുകളുടേയും ആവശ്യം. ഈ നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ.ഐ.വൈ.എഫ്.ന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റിലും കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സമരം നടത്തുകയാണ്. ആ സമരത്തിന് ആധാരമായ കാര്യം സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആത്മാർത്ഥമായ സമീപനം കൈക്കൊള്ളണം. നേരത്തെ മുഖ്യമന്ത്രി ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ പുതിയ സാഹചര്യത്തിൽ കോടതിവിധിയും മറ്റു കാര്യങ്ങളും പരിശോധിച്ചുകൊണ്ട് കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ നിയമനനിരോധന ഉത്തരവ് പിൻവലിക്കുവാൻ അടിയന്തിരമായി സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): സ്പീക്കർ സർ, 13-12-99-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ക്രീമിലെയർ സംബന്ധിച്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിയമന ഉത്തരവ് നൽകാത്ത കേസ്സുകളിലും സർക്കാർ സർവ്വീസിലെ ഭാവിയിലെ തെരഞ്ഞെടുപ്പുകളിലും ജസ്റ്റീസ് കെ.ജെ. ജോസഫ് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞ പ്രകാരം ക്രീമിലെയർ വിഭാഗക്കാരെ ഒഴിവാക്കിക്കൊണ്ടായിരിക്കണം നിയമനങ്ങൾ നൽകേണ്ടതെന്ന് നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ ക്രീമിലെയർ ഒഴിവാക്കിക്കൊണ്ടുള്ള നിയമനം മാത്രമേ നട

LIBRARY ARCHIVES Kerala Legislative Assembly